# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2607 19.02.2016-ലെ മറുപടിക്ക്

### ഹയർ സെക്കന്ററി അഡ്മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.തിലോത്തമൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) | എസ്.എസ്.എൽ.സി പാസ്സായ പല കുട്ടികൾക്കും ഹയർ സെക്കന്ററിയിൽ ഇഷ്ടപ്പെട്ട വിഷയം ലഭിക്കാതെ വരുന്നുണ്ടെന്നും മെച്ചപ്പെട്ട മാർക്കുള്ളവർക്കും എയ്ഡഡ് സ്കൂളുകളിൽ പണം നൽകി മാത്രമേ അഡ്മിഷൻ ലഭിക്കുന്നുള്ളുവെന്നുമുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എല്ലാ കുട്ടികൾക്കും ഇഷ്ടവിഷയങ്ങളിൽ അഡ്മിഷൻ ലഭിക്കാവുന്ന സാഹചര്യം സൃഷ്ടിക്കുമോ; | (എ) | ഇല്ല |
| (ബി) | ഹയർ സെക്കന്ററി അഡ്മിഷന് എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന തുക എത്രയാണെന്ന് പറയാമോ ; എല്ലാ വിഷയങ്ങൾക്കും ഒരേ തുക ഈടാക്കുന്നതിനാണോ അനുമതി നൽകിയിരിക്കുന്നത് എന്ന് പറയാമോ; | (ബി) | ഹയർസെക്കന്ററി പ്രവേശനത്തിന് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന തുക അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിനു പുറമേ പരമാവധി 500/- രൂപ (അഞ്ഞൂറു രൂപാ) പി.ടി.എ ഫണ്ടും (നിർബന്ധമല്ല) ഈടാക്കാവുന്നതാണ്. |
| (സി) | മെറിറ്റ് ലിസ്റ്റിൽ നിന്നും അഡ്മിഷൻ പൂർത്തിയാക്കിയതിനുശേഷം മാത്രമേ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നൽകുന്നതിന് അപേക്ഷകൾ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ? | (സി) | പ്ലസ് വൺ പ്രവേശനത്തിനായുള്ള ഏകജാലക സംവിധാനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാന അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച ശേഷം മാത്രമേ മാനേജ്മെന്റ് / കമ്മ്യൂണിറ്റി / അൺ-എയ്ഡഡ് ക്വാട്ടയിലുള്ള പ്രവേശന നടപടികൾ ആരംഭിക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമനം. | ഇനം | സയൻസ് ഗ്രൂപ്പ് (തുക രൂപയിൽ) | ഹ്യൂമാനിറ്റിസ്/ കോമേഴ്സ് ഗ്രൂപ്പുകൾ (തുക രൂപയിൽ) |
|---|---|---|---|
| 1 | അഡ്മിഷൻ ഫീസ് | 50 | 50 |
| 2 | ലൈബ്രറി ഫീസ് | 25 | 25 |
| 3 | കലണ്ടർ ഫീസ് | 25 | 25 |
| 4 | വൈദ്യ പരിശോധന ഫീസ് | 25 | 25 |
| 5 | ഓഡിയോ വിഷ്വൽ ഫീസ് | 30 | 30 |
| 6 | സ്പോർട്സ്, ഗെയിംസ് ഫീസ് | 50 | 50 |
| 7 | സ്റ്റേഷനറി ഫീസ് | 25 | 25 |
| 8 | അസോസിയേഷൻ ഫീസ് | 25 | 25 |
| 9 | യൂത്ത് ഫെസ്റ്റിവൽ ഫീസ് | 50 | 50 |
| 10 | മാഗസിൻ ഫീസ് | 25 | 25 |
| 11 | കോഷൻ ഡിപ്പോസിറ്റ് | 150 | 100 |
| 12 | ലാബോറട്ടറി ഫീസ് | ലാബോറട്ടറി സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |
| 13 | കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | കമ്പ്യൂട്ടർ സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |

Sd/-

സെക്ഷൻ ഓഫീസർ

8